**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**കോട്ടയം ജില്ലയിലെ പൂവം-നക്രാപ്പുതുവൽ റോഡിന്റെ പ്രവൃത്തി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1602 — 06-03-2017-ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.സി. ജോസഫ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | PMGSY പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടയം ജില്ലയിലെ പൂവം-നക്രാപ്പുതുവൽ റോഡിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്നും ഇതിന്റെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ; | (എ) യും (സി) യും | **(എ) യും (സി) യും**<br>പൂവം-നക്രാപ്പുതുവൽ റോഡിന്റെ മണ്ണ് ഫില്ലിംഗ് നടത്തി പി.വി.ഡി. പ്രവൃത്തിയും ചെയ്ത് ഇട്ടിരിക്കുകയാണ്. ഏകദേശം 25% ഫിസിക്കൽ പ്രോഗ്രസ് ആയിട്ടുണ്ട്. ഇനി 0.60 മീറ്ററിൽ മണ്ണ് ഫില്ലിംഗ് ഉൾപ്പെടെ മെറ്റലിംഗും ടാറിംഗും പണികൾ നടത്തേണ്ടതായിട്ടുണ്ട്. 22-07-2015-ാം തീയതിയിലെ 220/ഡിഡി1/2015 നമ്പർ സർക്കാർ കത്തിലെ നിർദ്ദേശ പ്രകാരം ടി പ്രവൃത്തിയുടെ കരാറുകാരനെ റിസ്ക് & കോസ്റ്റിൽനിന്ന് ഒഴിവാക്കി കരാർ റദ്ദുചെയ്തിട്ടുള്ളതാണ്. ടി റോഡിൽ നിർമ്മിക്കേണ്ടതായിട്ടുള്ള പാലത്തിന്റെയും കലുങ്കിന്റെയും സോയിൽ ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തിയശേഷം, റിവൈസ്ഡ് എസ്റ്റിമേറ്റ്, സമർപ്പിക്കാൻ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. CTE-യുടെ നിർദ്ദേശ പ്രകാരം ഒരു സർക്കാർ അംഗീകൃത External Agency-യെക്കൊണ്ട് പാലത്തിന്റെയും കലുങ്കിന്റെയും സോയിൽ ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഇൻവെസ്റ്റിഗേഷൻ വർക്കിന് വർക്കോഡർ കൊച്ചിയിലെ എസ്റ്റീം ഡവലപ്പേഴ്സിന് നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കും. |
| (സി) | പ്രവൃത്തി പൂർത്തിയാക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |
| (ബി) | ഇതിനായി ആകെ എത്ര രൂപയ്ക്കാണ് വർക്ക് അവാർഡ് ചെയ്തതെന്നും എത്ര രൂപ ഇതിനോടകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ബി) | റോഡ് നിർമ്മാണത്തിന് 8,46,27,383/- രൂപയ്ക്കാണ് വർക്ക് അവാർഡ് ചെയ്തത്. ഇതിൽ 6,10,72,493/- രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. |

2

സെക്ഷൻ ഓഫീസർ